ഭരണഭാഷ - മാതൃഭാഷ

അടിയന്തിരം

നം.കെ 3/7440/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 13/03/2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ആർട്സ് & സയൻസ് കോളേജ്, മ്യൂസിക് കോളേജ്, സംസ്കൃത കോളേജ്, ട്രെയിനിംഗ് കോളേജ്, ഹോസ്റ്റൽ, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടെ കീഴിൽ വരുന്ന എയ്ഡഡ് കോളേജ് എന്നിവിടങ്ങളിലെ എ.ജി -യുടെ പരിശോധന റിപ്പോർട്ട് തീർപ്പാക്കുന്നത് - സംബന്ധിച്ച്.

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ വരുന്ന ആർട്സ് & സയൻസ് കോളേജുകൾ, ഹോസ്റ്റൽ, മ്യൂസിക് കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം എന്നിവയുടെ കീഴിൽ വരുന്ന എയ്ഡഡ് കോളേജുകൾ എന്നിവിടങ്ങളിൽ അക്കൗണ്ടന്റ് ജനറലുടെ പരിശോധന റിപ്പോർട്ടിന്റെ പെൻഡിംഗ് പാരാ അവസാന തീർപ്പാക്കലിന് വേണ്ടി, അക്കൗണ്ടന്റ് ജനറൽ അയച്ചു തന്ന ആഡിറ്റ് എൻക്വയറിയും അവയ്ക്കുള്ള കൃത്യമായ മറുപടിയും തയ്യാറാക്കി സെക്ഷൻ സൂപ്രണ്ടും ക്ലാർക്കും ഈ മാസം 16/03/2018, 17/03/2018 എന്നീ തീയതികളിൽ രാവിലെ 10.30 -ന് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നിർബന്ധമായും ഹാജരാകേണ്ടതാണ്. അതാത് സ്ഥാപന മേധാവി ടി ജീവനക്കാരുടെ ഹാജർ ഉറപ്പാക്കേണ്ടതാണ്. നിലവിലുള്ള എല്ലാ പരിശോധന റിപ്പോർട്ടുകൾക്കുമുള്ള അന്തിമ മറുപടി വർഷം കണക്കാക്കി തരം തിരിച്ച് consolidated മറുപടിയായി വേണം സമർപ്പിക്കേണ്ടത്. മാത്രവുമല്ല അനുബന്ധ ഫയലുകളും ചലാന്റെ പകർപ്പുകൾ, രേഖകൾ എന്നിവ കരുതേണ്ടതാണ്.

ഈ അവസരം പ്രയോജനപ്പെടുത്തി പരമാവധി പെൻഡിംഗ് പാരകൾ തീർപ്പാക്കാനുള്ള ചുമതല ബന്ധപ്പെട്ടവരിൽ നിക്ഷിപ്തമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഒപ്പ്/-
ഷീല പി
സീനിയർ ഫിനാൻസ് ഓഫീസർ

//അംഗീകാരത്തോടെ//

Ka

സൂപ്രണ്ട്

06581

വൈറ്റി. 14/3/18